കെ.സി ജലീൽ പുളിക്കൽ



# ആരാണ് സമർഥൻ?

عَنْ أَبِي يَعْلَى، شَدَّادِ بْنِ أَوْسٍ قَالَ: قَالَ رَسُولُ اللَّهِ ﷺ: الْكَيِّسُ مَنْ دَانَ نَفْسَهُ وَعَمِلَ لِمَا بَعْدَ الْمَوْتِ وَالْعَاجِزُ مَنْ أَتْبَعَ نَفْسَهُ هَوَاهَا ثُمَّ تَمَنَّى عَلَى اللَّهِ (الترمذى).

**ശദ്ദാദുബ്നു ഔസ് നിവേദനം ചെയ്യുന്നു, നബി (സ) പറഞ്ഞു: "തന്റെ ഇഛയെ നിയന്ത്രിക്കുകയും മരണാനന്തരജീവിതത്തിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്തവനാണ് സമർഥൻ. ദുർബലൻ (വിഡ്ഢി) ദേഹേഛയെ പിന്തുടരുകയും അല്ലാഹുവിനെക്കുറിച്ച് തെറ്റായ പ്രതീക്ഷകൾ വെച്ചുപുലർത്തുകയും ചെയ്തവനാണ്" (തിർമിദി).**

ഭൗതികാസക്തിയുടെ കൂറ്റൻ തിരമാലകൾക്കു മുമ്പിൽ പിടിച്ചുനിൽക്കാൻ വിശ്വാസികൾക്കും ഇസ്‌ലാമിക പ്രവർത്തകർക്കും കരുത്തു പകരുന്നതാണ് ഈ മഹദ്വചനം. സമർഥനെന്നും തന്ത്രജ്ഞനെന്നും കേൾക്കുമ്പോഴേക്ക് ഭൗതികനേട്ടങ്ങൾ ആർജിക്കുന്നതിൽ സാമർഥ്യമുള്ളവൻ എന്നുമാത്രം ചിന്തിച്ചുപോകുന്ന ഇക്കാലത്ത് ഈ നബിവചനം കണ്ട് ചിലരെങ്കിലും ഒരു നിമിഷം സ്തബ്ധരാകും. എന്നാൽ വിശ്വാസിക്ക് അമ്പരപ്പുണ്ടാവുകയില്ല; അവൻ ഈ നബിവചനത്തിന്റെ പൊരുൾ ആഴത്തിൽ അറിഞ്ഞിട്ടുണ്ട്.

ഇഹലോകജീവിതം താൽക്കാലികവും നശ്വരവുമാണെന്നും, മരണാന്തരജീവിതമാണ് ശാശ്വതമെന്നും അവിടെ വിജയിച്ചവനാണ് സാക്ഷാൽ വിജയി എന്നും അംഗീകരിക്കാത്ത വിശ്വാസി ഉണ്ടാവുകയില്ലല്ലോ. ഈ യാഥാർഥ്യം തന്നെയാണ് ഈ നബിവചനം ഓർമിപ്പിക്കുന്നത്. താൽക്കാലിക ജീവിതാനന്ദങ്ങൾക്കും ആസ്വാദനങ്ങൾക്കും വേണ്ടി ശാശ്വതജീവിതത്തെ അപകടപ്പെടുത്തുന്നത് ബുദ്ധിശൂന്യതയാണ്. എന്നാൽ ഈ യാഥാർഥ്യം പലപ്പോഴും വിസ്മൃതിയിലേക്ക് തള്ളിമാറ്റപ്പെടുന്നു. കാരണം എല്ലാറ്റിനെയും അട്ടിമറിക്കാൻ കരുത്തുറ്റതാണ് ദേഹേഛയും സ്വാർഥതയും. ഭൗതിക നേട്ടമാണ് യഥാർഥ നേട്ടമെന്ന ചിന്ത ഇസ്‌ലാമികപ്രവർത്തകനെ പോലും അവനറിയാതെ പിടികൂടാം. ''ദുഷ്ചെയ്തികളിലേർപ്പെടാൻ അതിശക്തമായി പ്രേരണ ചെലുത്തുന്നത് തന്നെയാണ് മനുഷ്യമനസ്സ്'' (*യൂസുഫ്* 53). ശക്തമായ ദുഷ്പ്രേരണകളെ തള്ളിമാറ്റി ശാശ്വതവിജയത്തിന്റെ മാർഗം തെരഞ്ഞെടുക്കാനാകുമ്പോൾ മാത്രമാണ് വിശ്വാസി വിജയതീരമണയുന്നത്. അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് ഹാജരാകേണ്ടതുണ്ടെന്നും അവിടെ രക്ഷപ്പെട്ടില്ലെങ്കിൽ ശാശ്വതജീവിതം ദുരിതപൂർണമാകുമെന്നുമുള്ള കരുത്തുറ്റ വിശ്വാസത്തിന് മാത്രമേ ഈ ഭൗതിക ദുർഭൂതത്തെ അതിജയിക്കാനുള്ള കരുത്ത് പകരാനാകൂ. അതാണ് വിശുദ്ധ ഖുർആൻ പ്രസ്താവിച്ചത്: ''അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് നിൽക്കുന്നതിനെ ഭയപ്പെടുകയും ദുർമോഹങ്ങളിൽനിന്ന് മനസ്സിനെ തടയുകയും ചെയ്തവരുടെ സങ്കേതം സ്വർഗം തന്നെ.'' (*അന്നാസിആത്ത്* 40,41).

വലിയൊരു പരീക്ഷ തന്നെയാണിത്. പരീക്ഷയെ സംബന്ധിച്ച് ശരിയായ ബോധം ഉണ്ടെങ്കിലേ അതിനെ അഭിമുഖീകരിക്കാനും വിജയം കരസ്ഥമാക്കാനും സാധിക്കൂ. വിജയിക്കാനാവശ്യമായ നിർദേശങ്ങളെല്ലാം അല്ലാഹു നൽകിയിട്ടുണ്ട്. അല്ലാഹുവിനെ സംബന്ധിച്ച ബോധവും വിശ്വാസവും നിലനിർത്തിക്കൊണ്ടുമാത്രമേ വിജയം സാധ്യമാകൂ. അതിനാവശ്യമായ ആരാധനാകർമങ്ങളും നിശ്ചയിച്ചു തന്നിട്ടുണ്ട്. പരീക്ഷക്കു വേണ്ട ഈ തയാറെടുപ്പുകളൊന്നും നടത്താതെ വിജയിക്കണമെന്നും വിജയികൾക്കുള്ള പാരിതോഷികങ്ങൾ ലഭിക്കണമെന്നും മോഹിച്ചിട്ട് എന്തുകാര്യം?

എന്നാൽ അല്ലാഹു നിർദേശിച്ച ഇത്തരം കാര്യങ്ങൾ അവഗണിച്ച് ഭൗതികതക്ക് പിന്നാലെ നടക്കുന്നവരാണ് വിശ്വാസികളെന്ന് സ്വയം അവകാശപ്പെടുന്നവരിൽ പലരും. കേവലം ചില അനുഷ്ഠാനങ്ങളും ഹാവഭാവങ്ങളും ഉണ്ടായാൽ എല്ലാമായെന്ന ധാരണയാണവർക്ക്. മുസ്‌ലിം സമുദായത്തിൽ ഉൾപ്പെട്ടതിനാൽ സ്വർഗം ലഭിക്കാതിരിക്കില്ലെന്ന് പ്രതീക്ഷയുമുണ്ട്. ഇതൊക്കെ മിഥ്യാധാരണകളും മണ്ടത്തരവുമാണെന്നാണ് നബിവചനത്തിന്റെ രണ്ടാം പകുതി വ്യക്തമാക്കുന്നത്. ഇത്തരം മിഥ്യാധാരണകളും വ്യാമോഹങ്ങളുമാണ് മുൻവേദക്കാരെ ദൈവകോപത്തിന് ഇരകളാക്കിയതെന്ന് ഖുർആൻ പറയുന്നുണ്ടല്ലോ. 'ഞങ്ങൾ ദൈവത്തിന്റെ മക്കളും പ്രിയങ്കരരുമാണ്' എന്ന സാമുദായികസങ്കൽപ്പമാണ് അവർക്ക് വിനയായത്. ''നിങ്ങളുടെ വ്യാമോഹങ്ങളോ വേദക്കാരുടെ വ്യാമോഹങ്ങളോ വിലപ്പോവില്ല. തിന്മ ചെയ്യുന്നവനാരോ അവന്നതിനുള്ള പ്രതിഫലം ലഭിക്കും. അവർക്ക് അല്ലാഹുവിനെക്കൂടാതെ രക്ഷകനെയോ തുണയെയോ ലഭിക്കില്ലതന്നെ'' (*അന്നിസാഅ്* 123). സമ്പന്നന്റെ മനോഗതം കണ്ടില്ലേ? "ഇനി ഞാൻ എന്റെ നാഥന്റെ അടുത്തേക്ക് മടങ്ങിയെത്തിയാൽ ഇവിടെയും ഇതിനേക്കാൾ മെച്ചപ്പെട്ട അവസ്ഥയാകും എനിക്ക് ലഭിക്കുക'' (*അൽകഹ്ഫ്* 36).

"നിങ്ങളിലാരാണ് അല്ലാഹുവിന്റെ മാർഗത്തിൽ അധ്വാനിക്കാൻ സന്നദ്ധരെന്നും ക്ഷമയോടെ ഉറച്ചുനിൽക്കുന്നവരാരെന്നും ബോധ്യപ്പെട്ടിട്ടല്ലാതെ സ്വർഗത്തിലങ്ങ് പ്രവേശിച്ചുകളയാം എന്ന് നിങ്ങൾ ധരിച്ചുവോ?'' (*ആലുഇംറാൻ* 142).

പരലോകവിജയം ലക്ഷ്യംവെച്ച് അതിന് അല്ലാഹു നിശ്ചയിച്ചുതന്ന മാർഗത്തിലൂടെ അധ്വാനിച്ചവന് ലഭിക്കുന്ന പ്രതിഫലമാണ് സ്വർഗം. ''പരലോകത്തെ കാംക്ഷിക്കുകയും വിശ്വാസിയായിക്കൊണ്ട് അധ്വാനിക്കേണ്ടവിധം അധ്വാനിക്കുകയും ചെയ്താൽ അവരുടെ അധ്വാനം പ്രശംസനീയമാണ്" (*അൽ ഇസ്രാഅ്* 19).

മറിച്ചുള്ള ധാരണകൾ നിരർഥകവും ബുദ്ധിശൂന്യവുമാണെന്നാണ് ഈ നബിവചനത്തിന്റെ സന്ദേശം. ●